# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1381

21.03.2012 ലെ മറുപടിക്ക്

**കണ്ണൂർ സ്പിന്നിംഗ് മിൽ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ ക്രമക്കേട്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| എ) കണ്ണൂർ സ്പിന്നിംഗ് മിൽ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കക്കാട് (എൽ.എൽ.216)-ലെ ക്രമക്കേടിന്റെ ഭാഗമായി നിക്ഷേപകർക്ക് തിരിച്ച് നൽകുവാനുള്ള എത്ര തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി നൽകിയിട്ടുണ്ട്; | എ) കണ്ണൂർ സ്പിന്നിംഗ് മിൽ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിൽ നിക്ഷേപ ഇനത്തിൽ 58,80,334.91/- രൂപയുടെ ക്രമക്കേട് നടന്നിട്ടുണ്ട്. ടി തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ബി) ബാക്കി എത്ര തുക നിക്ഷേപകർക്ക് നൽകുവാനുണ്ടെന്ന് വിശദമാക്കാമോ; | ബി) 58,80,334.91/- രൂപ നിക്ഷപകർക്ക് തിരികെ നൽകാനുള്ളതായി കണക്കാക്കിയിട്ടുണ്ട്. |
| സി) ക്രമക്കേടിന് ഉത്തരവാദികൾ എന്ന് കണ്ടെത്തിയവരിൽ നിന്നും ഈടാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; എത്ര തുക ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | സി) സംഘത്തിൽ സഹകരണ നിയമം 65-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുകയും സംഘം ഭാരവാഹികൾക്കെതിരായി ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് നടപടികൾ കൈക്കൊള്ളുന്നതിന് കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ടിനോട് അപേക്ഷിക്കുകയും ചെയ്തു. കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ സെക്ഷൻ 409, 420 പ്രകാരം ക്രൈം നമ്പർ 974/10 ആയി 15.10.10-ൽ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി പ്രതികളായ ശ്രീ. സി.പി. അപ്പുക്കുട്ടൻ, ശ്രീ. കെ. കെ. കൃഷ്ണകുമാർ, ശ്രീ. മനോജ് എന്നിവരെ 11.12.2010-ൽ അറസ്റ്റ് ചെയ്യുകയും ഈ കേസ് വിചാരണയ്ക്കായി സി.സി. നമ്പർ 172/11 ആയി കോടതി ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) സൊസൈറ്റിയിലേക്ക് നിക്ഷേപം സ്വീകരിക്കുവാനുള്ള അധികാരം പ്രസിഡന്റിനും സെക്രട്ടറിക്കും മാത്രമാണെങ്കിലും നിക്ഷപം മറ്റാരെങ്കിലും വ്യാജ ഒപ്പിട്ട് സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) സൊസൈറ്റിക്ക് എത്ര തുക വരെ നിക്ഷേപം സ്വീകരിക്കാനാണ് അനുവാദം നൽകിയിട്ടുള്ളത്; കൂടുതൽ തുക നിക്ഷേപം സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് വിശദമാക്കാമോ? | ഇ) നിക്ഷപത്തിന് പ്രത്യേകം പരിധി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ